(സി) രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യംവഴി ലഭ്യമാകുകയും പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു. 20-5-2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (എംഎസ്.) നമ്പർ 178/2013/ ആ.കു.വ. പ്രകാരം ആരോഗ്യകിരണം പദ്ധതി നിലവിൽ വന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക, അതാത് സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകിവരുന്നത്.

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കുന്നത്

62 (751) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആശുപത്രികളിലാണ് പുതുതായി കാഷ്വാലിറ്റി ആരംഭിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 35 താലൂക്ക് ആശുപത്രികളിലും രണ്ട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും പുതുതായി കാഷ്വാലിറ്റി ആരംഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനിച്ചിട്ടുണ്ട്. 16-11-2015-ലെ സ.ഉ.(കൈ) നമ്പർ 261/15 ആ.കു.വ. പ്രകാരം പേരാമ്പ്ര താലൂക്ക് ആശുപത്രിയടക്കം സംസ്ഥാനത്തെ 37 ആശുപത്രികളിൽ കാഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് 148 അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. (അനുബന്ധം ബി)*

ജീവിത ശൈലീ രോഗങ്ങൾ

63 (752) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ അനിയന്ത്രിതമായി സംസ്ഥാനത്ത് പടർന്നുപിടിയ്ക്കുന്നതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) മാരകരോഗമായ ക്യാൻസർ അതിവേഗം കേരള ജനതയെ കീഴടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ വ്യാപനം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹം, ക്യാൻസർ മുതലായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ടെസ്റ്റുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചെയ്തുകൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം' ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ സ്ക്രീനിംഗ്, ബോധവൽക്കരണം, യോഗാ പരിശീലനം എന്നിവ നടത്തി വരുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly